പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4047 | 24.08.2017 ന് മറുപടിയ്ക്ക്.

## തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

*ചോദ്യം*

ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി.എസ്.ശിവകുമാർ
ശ്രീ. ഹൈബി ഈഡൻ :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;' വിശദമാക്കുമോ;

(എ) മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പിന്റെ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിച്ച നടപ്പിലാക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിനെ നോഡൽ ഡിപ്പാർട്ട്മെന്റായും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ കേരള സംസ്ഥാന നൈപുണ്യ വികസന മിഷനായും 02/12/2016 തീയതിയിലെ G.O (Rt) No. 1501/16/LBR എന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഏതെല്ലാം നൈപുണ്യ വികസന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence) ന്റെ മേൽനോട്ടത്തിൽ നഴ്സിംഗ്, ഓയിൽ & റിഗ്ഗ് ഇൻഡസ്ട്രി, ടീച്ചിംഗ്, ഫിനാൻഷ്യൽ സർവ്വീസസ്. മെക്കാനിക്കൽ കൺസ്ട്രക്ഷൻ, ഇൻഡസ്ട്രി ഓട്ടോമേഷൻ, ബ്യൂട്ടി & വെൽനെസ്സ്, മറൈൻ. ഫിസിയോതെറാപ്പി, ആയുർവേദ, ടൂറിസം & ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി, മൾട്ടിമീഡിയ ഡിസൈൻ, വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I സെന്റർ ഓഫ് എക്സലൻസ്

- NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

- CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
- ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
- CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
- CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെൻറ്)
- KGNLA (കേസ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി)
- SWAT (സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി)

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)
III കൗശൽകേന്ദ്രകൾ
IV എംപ്ലോയബിലിറ്റി സെന്ററുകൾ
V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
VI കരിയർ ഡവലപ്മെന്റ് സെന്റർ

ഇതോടൊപ്പം നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്കരീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ KASE -ന്റെ കീഴിൽ പുരോഗമിച്ചു വരുന്നു.

<u>അക്രഡിറ്റേഷൻ</u>

കൂടാതെ വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ ക്കനുസരിച്ച് കോഴ്സുകൾ രൂപ കല്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടി കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(സി) വിവിധ പദ്ധതികൾ ഏകോപിപ്പിക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

(സി) സ്കിൽ ഇന്ത്യാ മിഷൻ ഓപ്പറേഷൻ (SIMO) പദ്ധതിയിലൂടെ വേൾഡ് ബാങ്ക് നൽകുന്ന ധനസഹായം സംസ്ഥാനത്തെ വിവിധ നൈപുണ്യവികസന പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതാണ്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനും ഏകോപനത്തിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടത്തി വരുന്ന നൈപുണ്യ വികസന പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് ഏകോപന ത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇതു മൂലം കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ ഇവയൊക്കെയാണ്:-

1. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന നൈപുണ്യവികസന പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണവും വിവരശേഖരണവും ഫലപ്രദമായി നടപ്പിലാക്കുക.
2. വിവിധ വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടവും പദ്ധതി നടത്തിപ്പുകളുടെ വകുപ്പുതല സഹകരണവും നടപ്പിലാക്കുക.
3. സംസ്ഥാന നൈപുണ്യ വികസന പദ്ധതികൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

Bindu

സെക്ഷൻ ഓഫീസർ